**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1217** **07-10-2021 - ൽ മറുപടിയ്ക്ക്**

**മങ്കടയിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗം വഴി നടപ്പിലാക്കുന്ന കുറുവ കീരംകുണ്ട് പാലം പുനർനിർമ്മാണം, കുറുവ ചോഴി പാലം നിർമ്മാണം എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | മങ്കട നിയോജകമണ്ഡലത്തിലെ കുറുവ-കീരംകുണ്ട് പാലത്തിന്റെ പുനർനിർമാണവുമായി ബന്ധപ്പെട്ട് ആകെയുള്ള രണ്ടു സ്ലാബുകൾ പൂർത്തീകരിക്കുകയും അപ്രോച്ച് റോഡിന്റെ നിർമാണം പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഉടൻ തന്നെ പാലം പണി പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കു ന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. വെള്ളില ചോഴി പാലം നിർമാണത്തിനായി പ്രാഥമികമായി ചെയ്യേണ്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയ്ക്കായി ഭരണാനുമതി ലഭിക്കുന്നതിന് 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ച് വരികയാണ് |
| (ബി) | 2021-22 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വള്ളിക്കപ്പറ്റ പാലം നിർമ്മാണം, വെള്ളില ചോഴി പാലം നിർമ്മാണം എന്നീ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള വള്ളിക്കാപ്പറ്റ പാലം, വെള്ളിലചോഴി പാലം എന്നീ പ്രവൃത്തികൾക്ക് 3 ലക്ഷം രൂപ വീതമുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി പരിശോധിച്ച് വരികയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കൾക്ക് ഭരണാനുമതി നൽകിയ ശേഷം ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും മണ്ണ് പരിശോധന ഉൾപ്പെടെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ശേഷം തയ്യാറാക്കുന്ന റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുകയും ചെയ്യും. ഡിസൈൻ ലഭിക്കുന്ന മുറക്ക് പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയാൽ മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാകൂ. |

സെക്ഷൻ ഓഫീസർ